Draft #123 of File 3558/AD A1/ASO1/2018/AD A 1 Approved by ASSISTANT REGISTRAR I (ADMIN) on 01-Jan-2021 02:03 PM - Page 1

150 YEARS OF CELEBRATING THE MAHATMA

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

ജീവനക്കാര്യം: ജോയിന്റ് രജിസ്ട്രാർ, ഡെപ്യൂട്ടി രജിസ്ട്രാർ, അസിസ്റ്റന്റ് രജിസ്ട്രാർ, സെക്ഷൻ ഓഫീസർ - സ്ഥാനക്കയറ്റം, സ്ഥലംമാറ്റം, നിയമനം, ചുമതല ക്രമീകരണം, തസ്തിക പുനർനാമകരണം - അനുവദിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 1 സെക്ഷൻ**

നമ്പർ. 21/AD A1/2021/എം.ജി.യു                പ്രിയദർശിനി ഹിൽസ്,തീയതി: 01.01.2021

---

*പരാമർശം:*-1. ശ്രീമതി. ഹർമിള ബീഗം, സെക്ഷൻ ഓഫീസർ ഹയർ ഗ്രേഡ്, 29.12.2020 തീയതിയിൽ നൽകിയ സമർപ്പണം.
2. സർക്കുലർ നമ്പർ Ad.AI-3-246/2016 തീയതി 31.05.2016.
3. ജി.ഒ.(പി) നമ്പർ 42/2010/പി. & എ.ആർ.ഡി. തീയതി 20.12.2010.

**<u>ഉത്തരവ്</u>**

I. താഴെ പരാമർശിച്ചിരിക്കുന്ന ഉദ്യോഗസ്ഥർ 31.12.2020-ൽ സർവ്വകലാശാലാ സർവ്വീസിൽ നിന്നും വിരമിച്ചു.

1. ശ്രീ. ആഷിക് എം. മുഹമ്മദ് കമാൽ., ജോയിന്റ് രജിസ്ട്രാർ 2(ഭരണവിഭാഗം)
2. ശ്രീമതി.അമ്മിണി പി.ജി.,സെക്ഷൻ ഓഫീസർ(ഹയർ ഗ്രേഡ്), പി.ആർ.4

II. ശ്രീമതി. ഹർമിളാ ബീഗം, സെക്ഷൻ ഓഫീസർ (ഹയർ ഗ്രേഡ്) അവധിയ്ക്ക് ശേഷം 01.01.2021 തീയതിയിൽ ജോലിയിൽ പുന:പ്രവേശിയ്ക്കുന്നതിന് പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

III.

(a) RTI ആക്ട് പ്രകാരം നിലവിൽ സർവ്വകലാശാലയിലെ ഡെപ്യൂട്ടി രജിസ്ട്രാർമാർ പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരായി പ്രവർത്തിക്കുകയാണ്. എന്നാൽ ഈ സംവിധാനത്തിന് മാറ്റം വരുത്തിക്കൊണ്ട് വിവരാവകാശ നിയമപ്രകാരമുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഒരു ഡെപ്യൂട്ടി രജിസ്ട്രാറെ സർവ്വകലാശാലയിലെ വിവിധ ബ്രാഞ്ചുകളുടെയും സ്ഥാപനങ്ങളുടെയും പബ്ലിക് ഇൻഫർമേഷൻ ഓഫീസർ എന്ന ചുമതല നൽകി നിയമിക്കുന്നു. മറ്റ് ഡെപ്യൂട്ടി രജിസ്ട്രാർമാരെ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ചുമതലയിൽ നിന്ന് ഒഴിവാക്കുന്നു.

(b) ഡെപ്യൂട്ടി രജിസ്ട്രാർ (DASP) തസ്തിക ഡെപ്യൂട്ടി രജിസ്ട്രാർ 3 (ഭരണവിഭാഗം) & പബ്ലിക് ഇൻഫർമേഷൻ ഓഫീസർ എന്ന് നാമകരണം ചെയ്ത് RTI യുടെ പൂർണ ചുമതല നൽകുന്നു.

(c) അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരായ അസിസ്റ്റന്റ് രജിസ്ട്രാർമാർ RTI അപേക്ഷകളുള്ള മറുപടി തയ്യാറാക്കി പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് നൽകേണ്ടതും,പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ആയത് സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം അപേക്ഷകർക്ക് നേരിട്ട് മറുപടി നൽകേണ്ടതുമാണ്.

(d) ശ്രീ.ഹരി .പി , ഡെപ്യൂട്ടി രജിസ്ട്രാർ-2 (പരീക്ഷ) -നെ ഡെപ്യൂട്ടി രജിസ്ട്രാർ-3 (ഭരണവിഭാഗം) & പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ആയി സ്ഥലം മാറ്റി നിയമിക്കുന്നു.

Draft #123 of File 3558/AD A1/ASO1/2018/AD A 1 Approved by ASSISTANT REGISTRAR I (ADMIN) on 01-Jan-2021 02:03 PM - Page 2

IV. മേൽ പരാമർശിച്ചിരിക്കുന്നവ പരിഗണിച്ച്, ചുവടെ കൊടുത്തിരിക്കുന്ന സ്ഥാനക്കയറ്റം, സ്ഥലംമാറ്റം, ജോലിയിൽ പുന:പ്രവേശനം, നിയമനം, ചുമതല ക്രമീകരണം, തസ്തിക പുനർനാമകരണം എന്നിവ സർവ്വകലാശാലയിൽ നടപ്പിലാക്കിക്കൊണ്ട് വൈസ്-ചാൻസിലർ ഉത്തരവായിരിക്കുന്നു.

| ക്രമ നം | പേര്, തസ്തിക | സ്ഥാനക്കയറ്റം,സ്ഥലം മാറ്റം, നിയമനം, തസ്തിക, ശമ്പള നിരക്ക്, പ്രാബല്യം | തസ്തിക ഉൾക്കൊള്ളിക്കാവുന്നത് | നിയമിക്കാവുന്നത് |
|---|---|---|---|---|
| 1. | ശ്രീ.അശോകൻ എൻ.കെ., ഡെപ്യൂട്ടി രജിസ്ട്രാർ, DASP | ജോയിന്റ് രജിസ്ട്രാർ ആയി താൽക്കാലികമായ സ്ഥാനക്കയറ്റം നൽകി രൂപ 85,000 - 1,17600/ - ശമ്പളസ്കെയിലിൽ 01.01.2021 പൂർവാഹ്നം പ്രാബല്യത്തിൽ നിയമിച്ചിരിക്കുന്നു | ശ്രീ. ആഷിക് എം. മുഹമ്മദ് കമാൽ., ജോയിന്റ് രജിസ്ട്രാർ വിരമിക്കുന്നതിനെ തുടർന്നുണ്ടായ തസ്തിക ഒഴിവ് | ജോയിന്റ് രജിസ്ട്രാർ 2 (ഭരണ വിഭാഗം) ആയി നിയമിച്ചിരിക്കുന്നു. |
| 2. | ശ്രീ.മാത്യു ടി. തോമസ്, അസിസ്റ്റന്റ് രജിസ്ട്രാർ(ഹയർ ഗ്രേഡ്)-14 (പരീക്ഷാ വിഭാഗം) | ഡെപ്യൂട്ടി രജിസ്ട്രാറായി താൽക്കാലികമായ സ്ഥാനക്കയറ്റം നൽകി, രൂപ 77,400 - 1,15200/- ശമ്പളസ്കെയിലിൽ 01.01.2021 പൂർവാഹ്നം പ്രാബല്യത്തിൽ നിയമിച്ചിരിക്കുന്നു. | ശ്രീ.അശോകൻ എൻ. കെ., ഡെപ്യൂട്ടി രജിസ്ട്രാർക്ക് സ്ഥാനക്കയറ്റം ലഭിച്ചതിനെ ത്തുടർന്നുണ്ടായ തസ്തിക ഒഴിവ്. | ഡെപ്യൂട്ടി രജിസ്ട്രാർ-2 (പരീക്ഷ) ആയി നിയമിച്ചിരിക്കുന്നു. |
| 3. | ശ്രീ.മനോജ് പി.എസ്., അസിസ്റ്റന്റ് രജിസ്ട്രാർ-17 (പരീക്ഷാ വിഭാഗം) | ഹയർ ഗ്രേഡ് അസിസ്റ്റന്റ് രജിസ്ട്രാറായി താൽക്കാലികമായ സ്ഥാനക്കയറ്റം നൽകി രൂപ 68,700 - 1,10400/- ശമ്പളസ്കെയിലിൽ 01.01.2021 പൂർവാഹ്നം പ്രാബല്യത്തിൽ നിയമിച്ചിരിക്കുന്നു. | ശ്രീ.മാത്യു ടി.തോമസ്, ഹയർ ഗ്രേഡ് അസിസ്റ്റന്റ് രജിസ്ട്രാർക്ക് സ്ഥാനക്കയറ്റം ലഭിച്ചതിനെ ത്തുടർന്നുണ്ടായ തസ്തിക ഒഴിവ് | നിലവിലെ സീറ്റിൽ തുടരാൻ അനുവദിച്ചിരിക്കുന്നു. |
| 4. | ശ്രീമതി.ബിന്ദു എം.എ., അസിസ്റ്റന്റ് രജിസ്ട്രാർ, AR 1 (ഫിനാൻസ്)നെ അസിസ്റ്റന്റ് രജിസ്ട്രാർ 14 (പരീക്ഷാവിഭാഗം) ആയി സ്ഥലംമാറ്റി നിയമിച്ചിരിക്കുന്നു. | | | |
| 5 | ശ്രീ.റോയ് ജോസഫ്, സെക്ഷൻ ഓഫീസർ (ഹയർ ഗ്രേഡ്) CBCSS 24 | അസിസ്റ്റന്റ് രജിസ്ട്രാറായി താൽക്കാലികമായ സ്ഥാനക്കയറ്റം നൽകി രൂപ 45,800 - 89,000/- ശമ്പളസ്കെയിലിൽ 01.01.2021 പൂർവാഹ്നം പ്രാബല്യത്തിൽ നിയമിച്ചിരിക്കുന്നു. | ശ്രീ.മനോജ് പി.എസ്, അസിസ്റ്റന്റ് രജിസ്ട്രാർക്ക് സ്ഥാനക്കയറ്റം ലഭിച്ചതിനെ ത്തുടർന്നുണ്ടായ തസ്തിക ഒഴിവ്. | AR 1 (ഫിനാൻസ്) ആയി നിയമിച്ചിരിക്കുന്നു. |
| 6 | ശ്രീ.സന്തോഷ് നായർ പി., സെക്ഷൻ ഓഫീസർ, ഇലെക്ഷൻ സെക്ഷൻ | ഹയർ ഗ്രേഡ് സെക്ഷൻ ഓഫീസർ ആയി താൽക്കാലികമായ സ്ഥാനക്കയറ്റം നൽകി, രൂപ 40,500 - 85,000/-ശമ്പളസ്കെയിലിൽ 01.01.2021 പൂർവാഹ്നം പ്രാബല്യത്തിൽ നിയമിച്ചിരിക്കുന്നു. | ശ്രീ.റോയ് ജോസഫ്, സെക്ഷൻ ഓഫീസർ (ഹയർ ഗ്രേഡ്)ക്ക് സ്ഥാനക്കയറ്റം ലഭിച്ചതിനെ തുടർന്നുണ്ടായ തസ്തിക ഒഴിവ് | നിലവിലെ സീറ്റിൽ തുടരാൻ അനുവദിച്ചിരിക്കുന്നു. |

Draft #123 of File 3558/AD A1/ASO1/2018/AD A 1 Approved by ASSISTANT REGISTRAR I (ADMIN) on 01-Jan-2021 02:03 PM - Page 3

| | | | | |
|---|---|---|---|---|
| 7. | ശ്രീ.അബ്രഹാം വർഗ്ഗീസ്, സെക്ഷൻ ഓഫീസർ, FCC | ഹയർ ഗ്രേഡ് സെക്ഷൻ ഓഫീസർ ആയി താൽക്കാലികമായ സ്ഥാനക്കയറ്റം നൽകി, രൂപ 40,500 - 85,000/-ശമ്പളസ്കെയിലിൽ 01.01.2021 പൂർവാഹ്നം പ്രാബല്യത്തിൽ നിയമിച്ചിരിക്കുന്നു. | ശ്രീമതി.അമ്മിണി പി.ജി., സെക്ഷൻ ഓഫീസർ(ഹയർ ഗ്രേഡ്) വിരമിക്കുന്നതിനെ തുടർന്നുണ്ടായ തസ്തിക ഒഴിവ് | നിലവിലെ സീറ്റിൽ തുടരാൻ അനുവദിച്ചിരിക്കുന്നു. |
| 8. | ശ്രീമതി.ബിന്ദു എസ്., അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ, സെക്ഷൻ,AD B6 | സെക്ഷൻ ഓഫീസർ ആയി താൽക്കാലികമായ സ്ഥാനക്കയറ്റം നൽകി, രൂപ 36,600-79,200/-ശമ്പളസ്കെയിലിൽ 01.01.2021 പൂർവാഹ്നം പ്രാബല്യത്തിൽ നിയമിച്ചിരിക്കുന്നു. | ശ്രീ.സന്തോഷ് നായർ പി., സെക്ഷൻ ഓഫീസർക്ക് സ്ഥാനക്കയറ്റം ലഭിച്ചതിനെ ത്തുടർന്നുണ്ടായ തസ്തിക ഒഴിവ്. | PR 4 സെക്ഷനിൽ നിയമിച്ചിരിക്കുന്നു. |
| 9. | ശ്രീമതി.ജയലക്ഷ്മി കെ.കെ., സെക്ഷൻ ഓഫീസർ Ac A2 സെക്ഷനെ CBCSS 24 സെക്ഷനിലേക്ക് സ്ഥലം മാറ്റി നിയമിച്ചിരിക്കുന്നു. | | | |
| 10. | ശ്രീമതി.രാജി ഇ.എം., അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ, സെക്ഷൻ,ADC 3 | സെക്ഷൻ ഓഫീസർ ആയി താൽക്കാലികമായ സ്ഥാനക്കയറ്റം നൽകി, രൂപ 36,600-79,200/-ശമ്പളസ്കെയിലിൽ 01.01.2021 പൂർവാഹ്നം പ്രാബല്യത്തിൽ നിയമിച്ചിരിക്കുന്നു. | ശ്രീ.അബ്രഹാം വർഗ്ഗീസ്, സെക്ഷൻ ഓഫീസർക്ക് സ്ഥാനക്കയറ്റം ലഭിച്ചതിനെ ത്തുടർന്നുണ്ടായ തസ്തിക ഒഴിവ് | AC A2 സെക്ഷനിൽ നിയമിക്കാവുന്നതാണ്. |
| 11. | ശ്രീമതി.ഹർമിളാ ബീഗം, സെക്ഷൻ ഓഫീസർ (ഹയർ ഗ്രേഡ്) നെ അവധിയ്ക്ക് ശേഷം 01.01.2020 പൂർവാഹ്നം പ്രാബല്യത്തിൽ ജോലിയിൽ പുന:പ്രവേശിപ്പിയ്ക്കാവുന്നതാണ്. ടിയാൾ അവധിയിൽ പ്രവേശിക്കുമ്പോൾ വഹിച്ചിരുന്ന തസ്തികയിൽ ഉൾക്കൊള്ളിച്ച് CBCSS 18 സെക്ഷനിൽ തുടരാൻ അനുവദിക്കുന്നു. | | | |
| 12. | നിലവിൽ RTI-യുടെ ചുമതലയുള്ള അസിസ്റ്റൻറ് രജിസ്ട്രാർ 8 (ഭരണവിഭാഗം)-നെ ടി ചുമതലയിൽ നിന്നും ഒഴിവാക്കി, പബ്ലിക് റിലേഷൻസ് വിഭാഗത്തിൻറെ ചുമതല നൽകി നിലവിലെ സീറ്റിൽ തുടരാൻ അനുവദിച്ചിരിക്കുന്നു. | | | |
| 13. | DASP ഡെപ്യൂട്ടി രജിസ്ട്രാർ നിർവഹിച്ചിരുന്ന ചുമതലകൾ ശ്രീ.ഹാരിസ്. പി വൈ, ഡെപ്യൂട്ടി രജിസ്ട്രാർ (അക്കാഡമിക് - 2 ) -ന് നൽകിയിരിക്കുന്നു. | | | |

ജോയിൻറ് രജിസ്ട്രാർ / ഡെപ്യൂട്ടി രജിസ്ട്രാർ തസ്തികകളിലേയ്ക്കുള്ള സ്ഥാനക്കയറ്റം വൈസ് ചാൻസിലർ മഹാത്മാഗാന്ധി സർവ്വകലാശാലാ ആക്ട് 1985, ചാപ്റ്റർ 3.10 (17) പ്രകാരം അംഗീകരിച്ചിരിക്കുന്നു.

സ്ഥലം മാറ്റപ്പെട്ട / അവധിയിൽ പ്രവേശിച്ച ഉദ്യോഗസ്ഥർ തങ്ങളുടെ കൈവശം ഉള്ള മുഴുവൻ ഫയലുകളുടെയും മറ്റ് അനുബന്ധ രേഖകളുടെയും വിശദാംശങ്ങൾ ബന്ധപ്പെട്ട മേലുദ്യോഗസ്ഥനെ ഏൽപ്പിക്കേണ്ടതാണ്. ആയത് മേലുദ്യോഗസ്ഥൻ സൂചന (2) പ്രകാരം പരിശോധിച്ച് അംഗീകരിക്കേണ്ടതാണ്. CTC-യോടൊപ്പം മേൽപ്പടി സർക്കുലറിൽ പരാമർശിച്ചിരിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

സൂചന (3)-ലെ സർക്കാർ ഉത്തരവ് പ്രകാരം സെലക്ഷൻ തസ്തികകളിലേയ്ക്ക് 01.04.2010 നോ അതിനുശേഷമോ സ്ഥാനക്കയറ്റം /സ്വന്തം വകുപ്പിൽ മാറ്റി നിയമനം ലഭിച്ചവർക്ക് (നേരിട്ടുള്ള നിയമനത്തിനൊഴികെ) പ്രൊബേഷൻ കാലഘട്ടം ഒരു വർഷത്തെ തുടർച്ചയായ സേവനകാലാവധിയ്ക്കുള്ളിൽ ആറുമാസം എന്ന് നിജപ്പെടുത്തി ഉത്തരവായിട്ടുണ്ട്. ആയതിനാൽ ചുമതല വ്യത്യാസമുള്ള തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥർക്ക് ഒരു

വർഷത്തെ തുടർച്ചയായ സർവ്വീസിനിടെ ആറുമാസം പ്രൊബേഷൻ കാലഘട്ടമായിരിക്കും.

സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥർ ഈ ഉത്തരവ് തീയതി മുതൽ ഒരു മാസത്തിനകം സ്ഥാനക്കയറ്റ തസ്തികയിലെ ശമ്പള നിർണ്ണയത്തിനുവേണ്ടി സമർപ്പണം നൽകേണ്ടതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

രമേഷ് ആർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ബന്ധപ്പെട്ട വ്യക്തികൾ/സെക്ഷനുകൾ
2. വൈസ് ചാൻസിലർ / പ്രൊ വൈസ് ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/പരീക്ഷാ കൺട്രോളർ/ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ.മാർ
4. ജോയിൻറ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/അസിസ്റ്റൻറ് രജിസ്ട്രാർ (ഭരണം/അക്കാദമികം/പരീക്ഷ/ധനകാര്യം)
5. വകുപ്പ് മേധാവി, സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസ്
6. ജോയിൻറ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെൻറ്, എം.ജി. സർവ്വകലാശാല
7. പബ്ലിക് റിലേഷൻസ് ഓഫീസർ/പൂൾ ഓഫീസർ (ഭരണവിഭാഗം)
8. ഓഡിറ്റ് II/III/ഫിനാൻസ് I/II/എഡി.എIII/എഡി.എ.IV/എഡി.എVI/എഡി.സി I/II/III/ എഫ്.സി.സി.
9. കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ/ഐ.ക്യൂഎ.സി./CITAD
10. റെക്കോർഡ്സ്/സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി/ഡേ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #123 of File 3558/AD A1/ASO1/2018/AD A 1 Approved by ASSISTANT REGISTRAR I (ADMIN) on 01-Jan-2021 02:03 PM - Page 4